"ഭരണഭാഷ – മാതൃഭാഷ"
കേരള സംസ്ഥാനം
വ്യാവസായിക പരിശീലന വകുപ്പ്
ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൊഴിൽ ഭവൻ,
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 -
Ph:0471-2303856, ഇ:മെയിൽ - cru.dttvpm@kerala.gov.in

**DT/6421/2025-C3** **31-08-2026**

# ചുറ്ററിയിപ്പ്

വിഷയം : വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ വിഭാഗം - അഫിലിയേഷൻ പോർട്ടൽ 2025 - DST അഫിലിയേഷൻ/മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ DST മോഡിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ, ട്രേഡുകൾ/യൂണിറ്റുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിനോ, സ്ഥാപനം പൂർണ്ണമായി അടച്ചുപൂട്ടുന്നതിനോ ഉള്ള അപേക്ഷകൾ എന്നിവ 01.09.2026 തീയതി മുതൽ അഫിലിയേഷൻ പോർട്ടൽ മുഖേനെ സമർപ്പിക്കുന്നതിനുള്ള അറിയിപ്പ് - DGT നിർദേശം അറിയിക്കുന്നത് സംബന്ധിച്ച്.

സൂചന :
1. 30.05.2026, 27.06.2026 എന്നീ തീയതികളിലെ ഇതേ നമ്പരായ ചുറ്ററിയിപ്പുകൾ.
2. 28.07.2026 തീയതിയിലെ DT/2439/2026-സി3 നമ്പരായ ചുറ്ററിയിപ്പ്.
3. 24.08.2026 തീയതിയിലെ DGT-Aff011(51)/2/2026-O/o DIR (TC) നമ്പരായ DGT യിൽ നിന്നുള്ള അറിയിപ്പ്.

****************

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പുതിയ ഐ.ടി.ഐ-കൾ ആരംഭിക്കൽ, ട്രേഡുകൾ/യൂണിറ്റുകൾ കൂട്ടിച്ചേർക്കൽ, മറ്റ് അഫിലിയേഷൻ സംബന്ധമായ കാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനായി, അഫിലിയേഷൻ നോംസ് 2025 അനുസരിച്ച് DGT ഓൺലൈൻ അഫിലിയേഷൻ പോർട്ടൽ വികസിപ്പിക്കുകയും, പ്രസ്തുത പോർട്ടൽ അപേക്ഷ സമർപ്പണത്തിനായി തുറന്നുനൽകിയിട്ടുള്ള വിവരം സൂചന (1) ചുറ്ററിയിപ്പുകൾ പ്രകാരം അറിയിക്കുകയും ചെയ്തിരുന്നു. ഇതിനു പുറമെ, 01.09.2026 മുതൽ താഴെ പറയുന്ന അധിക സേവനങ്ങൾക്കായുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനായി പോർട്ടൽ ലഭ്യമാകുന്നതാണ് എന്ന് സൂചന (3) പ്രകാരം DGT യിൽ നിന്നും അറിയിച്ചിട്ടുണ്ട്.



File No. DT/6421/2025-C3 (Computer No. 811649)
Generated from eOffice by ARYA A R, C 3 DTTVPM., C3 DTTVPM, INDUSTRIAL TRAINING DEPARTMENT on 18/09/2026 10:47 AM

1. **DST അഫിലിയേഷൻ / മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ DST മോഡിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ.**

2. **ട്രേഡുകൾ/യൂണിറ്റുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിനോ സ്ഥാപനം പൂർണ്ണമായി അടച്ചുപൂട്ടുന്നതിനോ ഉള്ള അപേക്ഷകൾ.**

അഫിലിയേഷൻ നോംസ്-2025 പ്രകാരം, മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് വർഷം മുഴുവൻ (Throughout the year) പോർട്ടൽ ലഭ്യമായിരിക്കും. കൂടാതെ, ഇത് സംബന്ധിച്ച അപേക്ഷകൾ https://affiliation-dgt.skillindiadigital.gov.in/ എന്ന അഫിലിയേഷൻ പോർട്ടൽ ലിങ്ക് മുഖേനെ സമർപ്പിക്കാവുന്നതാണ്.

സൂചന (3) ലെ ചുറ്ററിയിപ്പ് അനുസരിച്ച് ഡീ അഫിലിയേഷൻ പട്ടികയിൽ ഉൾപ്പെട്ടിരുന്ന തേർഡ് ഷിഫ്റ്റ് യൂണിറ്റുകളിൽ, 2026 പരിശീലന വർഷത്തേക്ക് പ്രവേശനം നടത്താവുന്നതാണ് എന്നും, അതോടൊപ്പം ഇത്തരം തേർഡ് ഷിഫ്റ്റ് യൂണിറ്റുകൾ നിലവിലുള്ള ഐ ടി ഐ കൾ 30.09.2026 തീയതിക്കുള്ളിൽ DST മോഡിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ, ഓൺലൈൻ അഫിലിയേഷൻ പോർട്ടൽ മുഖേന സ്വീകരിക്കണമെന്നും അറിയിച്ചിരുന്നു.

മേൽ സാഹചര്യത്തിൽ സൂചനയിലെ DGT നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, DST അഫിലിയേഷൻ/മൂന്നാം ഷിഫ്റ്റ് യൂണിറ്റുകൾ DST മോഡിലേക്ക് മാറ്റുന്നതിനുള്ള അപേക്ഷകൾ, ട്രേഡുകൾ/യൂണിറ്റുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിനോ, സ്ഥാപനം പൂർണ്ണമായി അടച്ചുപൂട്ടുന്നതിനോ ഉള്ള അപേക്ഷകൾ എന്നിവ 01.09.2026 തീയതി മുതൽ അഫിലിയേഷൻ പോർട്ടലിന്റെ ലിങ്ക് ആയിട്ടുള്ള https://affiliation-dgt.skillindiadigital.gov.in/ മുഖേന, ഏറ്റവും പുതിയ അഫിലിയേഷൻ നോംസ് 2025 അനുസരിച്ച് സമർപ്പിക്കാവുന്നതാണ്. സൂചന (3) ൽ പരാമർശിക്കുന്ന DGT നിർദ്ദേശത്തിന്റെ പകർപ്പ്, സൂചന (2) ലെ ചുറ്ററിയിപ്പിന്റെ പകർപ്പുകൾ എന്നിവ കൂടി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

ഉള്ളടക്കം : മേൽ പ്രസ്താവിച്ചത്

സ്വീകർത്താവ്:- എല്ലാ സർക്കാർ/സ്വകാര്യ/SCDD/STDD ഐടിഐ മേധാവികൾക്കും

പകർപ്പ് :- ടെക്നിക്കൽ അസിസ്റ്റന്റ്, ഐടി സെൽ (വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)



File No. DT/6421/2025-C3 (Computer No. 811649)

Generated from eOffice by ARYA A R, C 3 DTTVPM., C3 DTTVPM, INDUSTRIAL TRAINING DEPARTMENT on 18/09/2026 10:47 AM